പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1880

14.07.2011 - ൽ മറുപടിക്ക്

## ആലപ്പുഴ നഗരത്തിലുള്ള ജില്ലാ ഹോമിയോ ആശുപത്രിയുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) ആലപ്പുഴ നഗരത്തിലുള്ള ജില്ലാ ഹോമിയോ ആശുപത്രിയുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) പ്രസ്തുത ആശുപത്രിയുടെ സമഗ്ര വികസനത്തിനായി 2011-2012 - ൽ അനുവദിക്കപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള 'ആയുഷ് ഗ്രാന്റ്' ഉപയോഗിച്ച് ആശുപത്രി കെട്ടിടത്തിന്റെ മൂന്നാം നില കൂടി പണി കഴിപ്പിക്കാനും ആവശ്യമായ ആധുനിക ആശുപത്രി ഉപകരണങ്ങളും, ഫർണിച്ചറുകളും വാങ്ങുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) അവിടെ ഇപ്പോൾ എത്ര ഡോക്ടർമാരും, നഴ്സുമാരും, മറ്റു ജീവനക്കാരും ഉണ്ട്; എത്ര ഒഴിവുകളാണ് ഉള്ളത്; ഒഴിവുകൾ നികത്താൻ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (ബി) ആലപ്പുഴ ജില്ലാ ഹോമിയോ ആശുപത്രിയിൽ<br><br>ഡോക്ടർമാർ - 4<br>നഴ്സ് - 1<br>നഴ്സിംഗ് അസിസ്റ്റന്റ് - 3<br>ഫാർമസിസ്റ്റ് - 1<br>ക്ലാർക്ക് - 1<br>പ്യൂൺ - 1<br>കുക്ക് - 1<br><br>എന്നീ ജീവനക്കാർ നിലവിലുണ്ട്.<br><br>നഴ്സ് - 2<br>നഴ്സിംഗ് അസിസ്റ്റന്റ് - 1<br>ക്ലീനർ - 2<br><br>എന്നിവയാണ് നിലവിലുള്ള ഒഴിവുകൾ |

| | | | |
|---|---|---|---|
| | | | പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി ടി ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | മഴക്കാലത്തും മറ്റും ഉണ്ടാകുന്ന സാംക്രമിക രോഗങ്ങൾ തടയാൻ ജില്ലാ ഹോമിയോ ആശുപത്രിയെ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; ആശുപത്രിയുടെ പ്രവർത്തനത്തിന് ആവശ്യമായ വാഹനങ്ങൾ നൽകുമോ? | (സി) | 12-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആശുപത്രിയിൽ സ്പെഷ്യാലിറ്റി ക്ലീനിക്കുകളും, മറ്റ് അടിയന്തിര യൂണിറ്റുകളും തുടങ്ങി സേവന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തു വാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജില്ലാ ആശുപത്രിക്ക് വാഹനം നൽകുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ആഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 1901 14.07.2011 ൽ മറുപടിക്ക്

**മുരിക്കുംപാടം വാട്ടർടാങ്കിൻെറ നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വൈപ്പിൻ മണ്ഡലത്തിലെ മുരിക്കുംപാടം വാട്ടർ ടാങ്കിൻെറ നിർമ്മാണം തുടങ്ങുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ; എങ്കിൽ അടിയന്തിരമായി നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ ? | (എ) വൈപ്പിൻ മണ്ഡലത്തിലെ മുരിക്കുംപാടത്ത് ജിഡയുടെ ഡെപ്പോസിററ് വർക്കിൽ, എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ , നായരമ്പലം പഞ്ചായത്തുകൾക്കുള്ള ശുദ്ധജല വിതരണ ശൃംഖലയുടെ വിപുലീകരണ പദ്ധതിയിൽ ഉൾപ്പെട്ട 11.80 ലക്ഷം ലിററർ സംഭരണശേഷിയുള്ള ഉന്നതതല സംഭരണി നിർമ്മിക്കുന്നതിനുള്ള ടെണ്ടർ 09.11.2009 ൽ ചീഫ് എഞ്ചിനീയറുടെ ആഫീസിൽ വിളിക്കുകയും, ടി ടെണ്ടർ ജല അതോറിററിയുടെ ബോർഡ് മീററിംഗിലെ തീരുമാന പ്രകാരം സർക്കാർ അനുമതിക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ടെണ്ടറിന് അനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ